ശ്രീ. എം. കെ. രാഘവൻ: എ. പി. പി. യാകാൻ പാനലിൽ വരണമെന്നില്ല. ഗവൺമെന്റ് പ്ലീഡറുടെ കാര്യമാണ് പറഞ്ഞത്. അതു വരുത്തുന്നതിനുള്ള ശ്രമം നടത്തും. റൂംസിലുള്ള വ്യത്യാസം ഉൾപ്പെടെയാണ് പറഞ്ഞത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പട്ടികജാതിക്കാരിൽ 5 പേർക്ക് കഴിഞ്ഞകൊല്ലം സഹായം നൽകി എന്നു പറഞ്ഞു. ഇതിൽ ആദിവാസികളും ആരെങ്കിലുമുണ്ടോ ?

ശ്രീ. എം. കെ. രാഘവൻ: ഇല്ലെന്നാണ് എനിക്കു കിട്ടിയ വിവരം.

ട്രാൻസ്പോർട്ട് സബ് ഗാരേജ്

* 813 [881] ശ്രീ. വി. ഈച്ചരൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, ഇ. നാരായണൻ നായർ:

,, ജി. പി. മംഗലത്തുമഠം:

,, തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗത. ഗത വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം ട്രാൻസ്പോർട്ട് സബ് ഗാരേജുകൾ തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) വൈക്കം. കാട്ടാക്കട എന്നീ സ്ഥലങ്ങളിൽ സബ്ഡിപ്പോകൾ തുടങ്ങാൻ ഉദ്ദേശമുണ്ട്.

ശ്രീ. വി. ഈച്ചരൻ: നിലവിലുള്ള വർക്ക്ഷോപ്പുകൾക്കും ഗ്യാരേജുകൾക്കും കാര്യക്ഷമതയില്ലാത്തതുകാരണം പല റൂട്ടുകളും ക്യാൻസൽ ചെയ്യുന്നതായും ബസ്സുകൾ പല സ്ഥലത്തും വഴിയിൽ കിടക്കുന്നതായും അനുഭവപ്പെടുന്നുണ്ട്. അവ കാര്യക്ഷമമാക്കാനുള്ള എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിലവിലുള്ള സബ്ഗ്യാരേജുകളിൽ കൂടുതൽ മെയിന്റനൻസ് തുടങ്ങിയ ജോലികൾ ഏർപ്പെടുത്താനും അതിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ കൊടുക്കാനും തീരുമാനം എടുത്തിട്ടുണ്ട്. കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് കാര്യക്ഷമമാക്കുമ്പോൾ പൊതുവേ ക്രമപ്രവൃദ്ധമാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. വി. ഈച്ചരൻ: പെരിന്തൽമണ്ണ സബ്സ്റ്റേഷൻ അപ്ഗ്രേഡു ചെയ്തിട്ടുണ്ടെങ്കിലും അവിടെ യാതൊരു സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടും ഗ്യാരേജിനും വർക്ക്ഷോപ്പിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടും പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിവുണ്ടോ? അവ കാര്യക്ഷമമാക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വിഷയത്തിനുള്ള നടപടികൾ അടുത്തുതന്നെ ചെയ്യാനിരിക്കുകയാണ്.

ശ്രീ. ജി. പി. മംഗലത്തുമഠം: ട്രാൻസ്പോർട്ട് സബ് ഗ്യാരേജുകൾ തുടങ്ങാൻ ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സാധാരണയായി കൂടുതൽ ബസ്സുകൾ സ്റ്റാർട്ടുചെയ്യുന്ന പോയിന്റുകൾ, യാത്രക്കാരുടെ ബാഹുല്യം ഇവയാണ് കണക്കാക്കുന്നത്.

ശ്രീ. ജി. പി. മംഗലത്തുമഠം: താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളിലെങ്കിലും സബ്ഗ്യാരേജുകൾ തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മിക്കവാറും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകൾ സബ് ജില്ല ആക്കി മാറ്റിക്കഴിഞ്ഞു. എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: റവന്യൂ സബ്ഡിവിഷനായ അടൂരിൽ ഇപ്പോഴത്തന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ യാത്രക്കാർക്ക് വളരെയധികം അസൗകര്യമുണ്ടെന്നുള്ളതുകൊണ്ട് അവിടെ സബ് ജില്ല തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ വർഷം എസ്റ്റിമേറ്റെടുത്തപ്പോൾ സെന്റർ ചെയ്തത് രണ്ടു ജോലികൾ മാത്രമേയുള്ളൂ. അതാണ് വൈക്കം, കാട്ടാക്കട എന്നു പറഞ്ഞത്. അതല്ലാതെ കിളിമാനൂർ, അടൂർ, മുണ്ടക്കയം, എന്നിങ്ങനെ പലസ്ഥലങ്ങളിലും സ്ഥലമെടുത്തു പ്രാഥമിക ജോലികൾ കഴിഞ്ഞു. ഈ വർഷം തുടങ്ങാൻ കഴിയുമോ എന്ന് സംശയമുള്ളതുകൊണ്ടാണ് പേരുകൾ പറയാതിരുന്നത്.

ശ്രീ. പി. സി. ജോസഫ്: സബ് ഗ്യാരേജു പോലെതന്നെ ഓപ്പറേറ്റിംഗ് സബ്സ്റ്റേഷൻ സ്ഥാപിക്കുമെന്ന് കഴിഞ്ഞതവണ പ്രസ്താവിക്കുകയുണ്ടായി. എം. സി. റോഡിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊന്നായ കൂത്താട്ടുകുളത്ത് ആരംഭിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി. അത് എന്നത്തേക്ക് ആരംഭിക്കുമെന്ന് പറയാൻ കഴിയുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓപ്പറേറ്റിംഗ് സെന്ററുകളുടെ എണ്ണം തീട്ടപ്പെടുത്തിയിട്ടില്ല. എങ്കിലും മാനന്തവാടി, താമരശ്ശേരി തുടങ്ങിയ പത്തു പതിനാലു സ്ഥലങ്ങളിൽ കാപ്പറേറ്റിംഗ് സെന്ററുകൾ ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശ്രീനിവാസൻ: സബ് ഗ്യാരേജുകളുടെ കാര്യമാണ് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. പുനലൂർ ഗ്യാരേജിന്റെ പണി ഇതുവരെ നടന്നിട്ടില്ല. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രിക്ക് പുനലൂരിനോട് എന്താണ് ഒരു സ്നേഹക്കുറവ്? ഈകൊല്ലം ഇവിടത്തെ പണി ആരംഭിക്കാൻ മേയുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കഴിഞ്ഞ വർഷമാണ് ഈ ഗ്യാരേജിന്റെ കാര്യം എന്റെ പക്കൽ വന്നത്. ഉടൻതന്നെ നടപടികളും എടുക്കുകയും കൂടുതൽ വികാസത്തിനുവേണ്ടി സ്ഥലം എടുക്കാനുള്ള പ്രാരംഭ നടപടികളും എടുക്കുകയും ചെയ്തു. ഏതാണ്ട് ടെൻഡർ രൂപത്തിൽ ആയി എന്നാണ് എന്റെ വിശ്വാസം.

ശ്രീ. എം. വി. രാഘവൻ: സബ് ഗ്യാരേജ് തുടങ്ങുന്ന കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നതിന് കഴിഞ്ഞ പ്രാവശ്യം എം. എൽ. എ മാരെ വിളിച്ച് കണ്ണൂർ ജില്ലയിലെ കാഞ്ഞങ്ങാട്, കാസർകോട്, തളിപ്പറമ്പ് മുതലായ സ്ഥലങ്ങളിൽ സബ്ഡിപ്പോ തുടങ്ങുമെന്നും കണ്ണൂർജില്ലയിൽ ബസ്സ്റ്റേഷനും ഗ്യാരേജും അഭിവൃദ്ധിപ്പെടുത്തുമെന്നുമെല്ലാം പറഞ്ഞു. അതിന് എത്രകാലം കഴിയേണ്ടിവരുമെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കാസർകോട് സബ്ഡിപ്പോയ്ക്ക് സ്ഥലമെടുക്കാൻ കളക്ടർക്ക് നിർദ്ദേശം കൊടുത്തു കഴിഞ്ഞു. ഇനി എസ്റ്റിമേറെടുത്ത് ടെൻഡർചെയ്തു ഈ വർഷം ആരംഭിക്കാൻ കഴിയുമോയെന്ന് സംശയമുള്ളതുകൊണ്ടാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്താത്തത്. ഈ രണ്ടും—വൈക്കവും കാട്ടാക്കടയും എസ്റ്റിമേറെടുത്തുകഴിഞ്ഞ് ടെൻഡർ ചെയ്തുകഴിഞ്ഞ് നാലഞ്ച് മാസത്തിനുള്ളിൽ പണിതീരും. ഈ വർഷം ആരംഭിക്കാൻ കഴിയും. അതല്ലാത്തിടത്ത് ഇല്ലെന്നല്ല അതിന്റെ അർത്ഥം. തളിപ്പറമ്പിനെക്കുറിച്ചുള്ള നിർദ്ദേശം അടുത്ത കാലത്താണ് കിട്ടിയത്. അതേപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സംസ്ഥാനത്ത് സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസുകൾ തുറന്നിട്ടുണ്ട്. ഇങ്ങനെ തുറന്നിട്ടുള്ള ആഫീസുകളുടെ മുന്നിൽ ഓർഡിനറി ബസ്സുകൾപോലും നിറുത്താത്ത സാഹചര്യമുള്ളതുകൊണ്ട്, നമ്മുടെ സംസ്ഥാനത്തെ പ്രത്യേകത പരിഗണിച്ച് ഇവിടങ്ങളിലെങ്കിലും ബസ്സുകൾ നിറുത്താനുള്ള നിർദ്ദേശം കൊടുക്കുകയോ അല്ലെങ്കിൽ ആരംഭിച്ചിരിക്കുന്ന സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസ് നിറുത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രധാനപ്പെട്ട ഡീലക്സ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ് മുതലായവ നിറുത്തുന്നില്ല. മറ്റെല്ലാ ബസ്സുകളും നിറുത്തുന്നു എന്നാണ് എന്റെ അറിവ്. അതില്ലെങ്കിൽ പരിശോധിക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: നിരന്തരമായി ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ നിവേദനം നടത്തിയ പറവൂർ ബസ്സ്റ്റേഷനെപ്പറ്റി. അതിനെക്കുറിച്ചൊന്നും പറഞ്ഞു കേട്ടില്ല. അതുടനെ നടപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോരോ സ്റ്റേഷന്റെ കാര്യമായി ചോദിച്ചിട്ട് അനുകൂലമായ മറുപടി കിട്ടുമെന്നു പ്രതീക്ഷിച്ചാൽ പരിശോധിക്കാതെ ഉത്തരം പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇവിടെ സബ് ഗ്യാരേജുകൾ തുറക്കുന്നതിന് ചില മാനദണ്ഡങ്ങൾ പറഞ്ഞു. അതനുസരിച്ച് പൂർണ്ണമായും അർഹതപ്പെട്ട ഇരിട്ടിയിൽ ഒരു സബ് ഗ്യാരേജ് തുറക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മലബാറിൽ ഇപ്പോഴത്തന്നെ തുടങ്ങേണ്ട ചില പ്രദേശങ്ങൾ കണക്കിലെടുത്തുകഴിഞ്ഞു. അതു കഴിഞ്ഞതിനു ശേഷമേ മറ്റു ഭാഗങ്ങളിലേക്കു കടക്കാൻ കഴിയുകയുള്ളു.

ശ്രീ. പി. ശങ്കർ: പാലക്കാട് ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ആഫീസായി ഉയർത്തിയിട്ടുണ്ടെങ്കിലും സ്ഥലം അക്വയർ ചെയ്യാനുള്ള പരിപാടി വർഷങ്ങളായി നീണ്ടുപോവുകയാണ്. എന്താണ് അതിനു കാരണം എന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അക്വിസിഷൻ നടപടി പൂർത്തിയായി. ഇടയ്ക്ക് ആരോ കേസുകൊടുത്തു. കേസിന്റെ തീരുമാനമെടുക്കാൻ താമസം വന്നതുകൊണ്ട് താമസിച്ചുപോയി എന്നല്ലാതെ ബാക്കി കാര്യങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളിൽ ഗ്യാരേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞു. പാലക്കാട്ടു ജില്ലയിൽ മണ്ണാർക്കാട്, ഒറ്റപ്പാലം, ആലത്തൂർ, ചിറ്റൂർ ഇവിടങ്ങളിൽ പ്രത്യേകിച്ച് ഒരു റവന്യൂ ഡിവിഷനായ ഒറ്റപ്പാലത്തുപോലും ഒരു സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസുപോലും ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ ഗ്യാരേജു വരുന്നതുവരെ സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസെങ്കിലും തുറക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേരളത്തിലെ ജനബാഹുല്യം വച്ചു നോക്കുമ്പോൾ ഏല്ലാ കവലകളിലും വേണമെന്നു തോന്നും. പക്ഷേ സ്റ്റേഷൻ മാസ്റ്റേഴ്സ് ആഫീസും ഡിപ്പോയും തുറക്കാൻ കോർപ്പറേഷന് ബുദ്ധിമുട്ടുണ്ട്. എങ്കിലും യാത്രാ സൗകര്യം പരിഗണിച്ച് പത്തിരുപതു മൈലിനുള്ളിൽ അത്യാവശ്യമുള്ള സ്ഥലത്ത് കൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. തോമസ് ജോസഫ്: സബ് ഗ്യാരേജുമില്ല ഗ്യാരേജുമില്ലാത്ത ഇടുക്കിജില്ലയിൽ ഏതെങ്കിലും ഡിസ്ട്രിക്റ്റ് ഗ്യാരേജോ സബ്ഗ്യാരേജോ തുറക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇടുക്കി ജില്ലയിൽ ഇപ്പോഴത്തന്നെ രണ്ടു ഗ്യാരേജുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. തൊടുപുഴയും, കട്ടപ്പനയും കുമിളിയുമൊക്കെ പരിശോധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട മൂന്നാറിന്റെ കാര്യവും പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ്: രാമേശ്വരത്തെ ക്ഷൗരം പോലെ തുടങ്ങിയ പല സ്ഥലങ്ങളിലും ഡിപ്പോകളോ അതിന്റെ പ്രവൃത്തികളോ പൂർത്തിയാക്കാതിരിക്കുകയും, ഇവിടെ പുതുതായി ഈ വർഷം തുടങ്ങാൻ പോകുന്നതിനെപ്പറ്റി പറയുകയും ചെയ്യുന്നു. ഇതിനു മുമ്പു തുടങ്ങിയ ഗ്യാരേജുകളുടെ സ്ഥിതിയൊക്കെ പരിഗണിച്ച് ആ കാര്യങ്ങളുംകൂടി പുതിയതിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: രണ്ടാമത്തെ പങ്കു മടങ്ങിവരുമ്പോൾ മറുവശവുംകൂടി പൂർത്തിയാകുന്നതുകൊണ്ട് അത് പൂർത്തിയാകുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഒരു ഭാഗവും പണി നിറുത്തുകയില്ല. വളരെ പെട്ടെന്ന് പലഭാഗങ്ങളിലും പണി ആവശ്യമുള്ളതുകൊണ്ട് ഒരു ഭാഗം തുടങ്ങിപ്പോയി, രണ്ടാമത് മടങ്ങി വരുമ്പോൾ ബാക്കി ജോലി കൂടി ചെയ്യും.

ശ്രീ. കെ. സി. വാമദേവൻ: തിരുവനന്തപുരം സിറ്റി സർവ്വീസിനെ പലതായി വിഭജിച്ച് ഗ്യാരേജും സബ് ഗ്യാരേജും ആരംഭിക്കുമെന്നു കേട്ടിരുന്നു. അടുത്തകാലത്ത് പാളയത്ത് ഒരു പ്രത്യേക സ്ഥലം ഇയർമാർക്കു ചെയ്തിരിക്കുന്നു എന്നും കേട്ടു. അത് വേറെ ഏതെങ്കിലും സ്ഥാപനത്തിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; നാലു വർഷത്തിനുമുൻപ് ട്രാൻസ്പോർട്ടിനുവേണ്ടി വച്ചിരിക്കുന്ന സ്ഥലം എന്തുകൊണ്ട് ഏറ്റെടുക്കാൻ തയ്യാറായില്ല എന്നുപറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മറ്റാർക്കും കൊടുക്കുന്നില്ല. പണം കെട്ടിവച്ച് നിർദ്ദേശമായിക്കഴിഞ്ഞിട്ടുണ്ട്. വളരെവേഗം സ്ഥലം കിട്ടും. നിലവിൽ കിഴക്കേക്കോട്ടയിലുള്ള പകുതി ബസ്സുകളും ഇങ്ങോട്ടേയ്ക്കു മാറ്റുകയും ചെയ്യും.

ശ്രീ. വി. ജെ. ജോസഫ്: 1969-ൽ സ്ഥലമെടുക്കുകയും 75-ൽ തറക്കല്ലിടുകയും അതിനുശേഷം നാലുപ്രാവശ്യം ഉറപ്പു നൽകുകയും ചെയ്ത ഈരാറ്റുപേട്ട ഗ്യാരേജിന്റെ പണി തീർക്കുന്നതിന് ഇനിയെങ്കിലും ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് സ്ഥലമെടുപ്പിൽ അൽപ്പം താമസം വന്നതുകൊണ്ടാണ് അല്ലെങ്കിൽ വൈക്കം, കാട്ടാക്കടയുടെ കൂട്ടത്തിൽ തുടങ്ങേണ്ട ഗ്യാരേജാണ്. സ്ഥലമെടുപ്പു പൂർത്തിയായിക്കഴിഞ്ഞു. ഇനി വളരെ വേഗം ആരംഭിക്കുകയും ചെയ്യും. ഈ വർഷം ഗ്യാരേജു തുടങ്ങാൻ കഴിയുമോയെന്ന് സംശയമുള്ളതുകൊണ്ടാണ് നേരത്തെ പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെടുത്താത്തത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സബ്ഗ്യാരേജും പൂർണ്ണഗ്യാരേജും തുടങ്ങാൻ നമ്മുടെ ഈ വ്യവസായത്തിലെ യൂണിയനുകളുമായുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ചില നോംസ് ഉണ്ടാക്കിയിട്ടുണ്ട്. അതിൽ നിന്നും വ്യത്യസ്ഥമായി തുടങ്ങുമ്പോൾ ദേശസാൽകൃതറൂട്ടുകളോ പുതിയ ബസ്സുകളോ വരാത്ത പരിതഃസ്ഥിതിയിൽ കോർപ്പറേഷനു ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ടെന്നുള്ളതു പരിഗണിച്ച് നോംസ് കർശനമായി പാലിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗ്യാരേജുകൾ തുടങ്ങാനും തീരുമാനിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: 25-ം അതിൽ കൂടുതലും സർവ്വീസുകം തുടങ്ങാൻ കഴിയുന്ന സ്ഥലത്തുമാത്രമേ തുടങ്ങിയിട്ടുള്ളു. അങ്ങനെയുള്ള സ്ഥലത്തുമാത്രമേ തുടങ്ങുകയുള്ളു.

ശ്രീ. എസ്. ത്യാഗരാജൻ: പുതിയ ഗ്യാരേജുകൾ നിർമ്മിക്കുമ്പോൾ ശീർഘദൂരയാത്രക്കാർക്ക് അൽപ്പം വിശ്രമിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓരോ ഡിപ്പോയിലും വളരെ കുറച്ചു സമയം മാത്രമേ നിറുത്താൻ അവകാശമുള്ളൂ. കൂടുതൽ സമയം കൊടുക്കുന്ന സ്ഥലത്തു ഭക്ഷണത്തിനും മറ്റുമായതുകൊണ്ട് കൂടുതൽസമയം വിശ്രമിക്കേണ്ട ആവശ്യം വരുന്നില്ല. ഇപ്പോഴത്തെ അൽപ്പം വിശ്രമിക്കുവാൻ ആവശ്യമായ ഏർപ്പാടുകളുണ്ട്.

ശ്രീ. കെ. ജെ. ചാക്കോ: ചങ്ങനാശ്ശേരി സബ് ഡിപ്പോ ഡി.ടി.ഒ. ആയി ഉയർത്തിയിട്ടുള്ളതായി പത്രങ്ങളിൽ കണ്ടു. എന്നാൽ അവിടെ വേണ്ടത്ര സൗകര്യമില്ലെന്നുള്ളതു പരിഗണിച്ച് പ്രത്യേകമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചങ്ങനാശ്ശേരിയിലെ ബസ്സ്റ്റേറേഷൻ ഒഴിച്ച് ബാക്കിയെല്ലാം മറ്റൊരു ഡിപ്പോയ്ക്കു മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ വർഷം സ്ഥലമെടുത്തു പണി ആരംഭിക്കുമെന്നാണ് എന്റെ വിശ്വാസം.

ബസ്സുകളിൽ ഡബിൾ ഡോർ സമ്പ്രദായം

* 814 [882] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെകാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യാത്രക്കാർക്ക് തിക്കും തിരക്കും അപകടവും കൂടാതെ സൗകര്യമായി കയറിഇറങ്ങുവാൻ പാറുന്നവിധത്തിൽ ബസ്സുകളിൽ ഇടതുവശം മദ്ധ്യഭാഗത്തായി ഹാൻഡ് റെയിൽസ് പിടിപ്പിക്കുകയും രണ്ടായിതിരിച്ച് ഡബിൾ ഡോറുകൾ ഏർപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള ഡബിൾ ഡോർ സമ്പ്രദായം പുതിയതായി ഇറങ്ങുന്ന ട്രാൻസ്പോർട്ട് ബസ്സുകളിൽ ഏർപ്പെടുത്തുവാൻ വേണ്ട നടപടികൾ എടുക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): ഈ നിർദ്ദേശം പരിശോധിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, വാഹനങ്ങളുടെ വലതുപക്ഷത്തുള്ള എല്ലാ വാതിലുകളും അടച്ച് ഇടതു പക്ഷത്തുമാത്രം വാതിലുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? അപകടങ്ങൾ സംഭവിക്കുമ്പോൾ ഡ്രൈവർമാർ ചാടി പോകാതിരിക്കുവാൻ അവരുടെസീറ്റിനടുത്തുള്ള വാതിലും അടയ്ക്കാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇടതുപക്ഷത്താണ് വാതിലുകളുള്ളത്. രണ്ടു വാതിലാക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly